പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5546 | 28.07.201 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃകാ അങ്കണവാടിക്ക് പുതിയ കെട്ടിടം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.ബി.ഡി.ദേവസ്സി** | **ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) മേലൂർ പഞ്ചായത്തിലെ 15 ാം വാർഡിൽ 114-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കി നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി നിർമ്മിക്കുന്ന പദ്ധതി പ്രകാരം ചാലക്കുടി നിയോജകമണ്ഡലത്തിലെ കൊടകര പഞ്ചായത്തിൽ 4-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയായി ഉയർത്തുന്നതിന് അനുമതി നൽകുകയും കെട്ടിട നിർമ്മാണം പുരോഗമിച്ചു വരുകയും ചെയ്യുന്നുണ്ട്. എന്നാൽ മേലൂർ പഞ്ചായത്തിലെ 15- ാം വാർഡിലെ 114-ാം നമ്പർ അങ്കണവാടി ഉൾപ്പെടുന്നത് ചാലക്കുടി നിയോജകമണ്ഡലത്തിലാണ്. ആയതിനാൽ ടി അങ്കണവാടിയെ മാതൃകാ അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കി നിർമ്മിക്കുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിരുന്നില്ല. |
| (ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി ബ്ലോക്കിൽ ഉൾപ്പെട്ടതും കൊടകര പഞ്ചായത്തുൾപ്പെടുന്ന പുതുക്കാട് ബ്ലോക്കിലേയും ഏതെല്ലാം അങ്കണവാടി കൾക്കാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ? | (ബി) ചാലക്കുടി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന ചാലക്കുടി ബ്ലോക്കിലും പുതുക്കാട് ബ്ലോക്കിലുമായി നിലവിൽ കെട്ടിട നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുള്ള അങ്കണവാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ഐ.സി.ഡി.എസ്സ് പ്രോജക്ട് | പഞ്ചായത്ത് | അങ്കണവാടി നമ്പർ |
|---|---|---|---|
| 1 | കൊടകര അഡീഷണൽ | കൊടകര | 4 |
| 2 | കൊടകര അഡീഷണൽ | കൊടകര | 14 |
| 3 | കൊടകര അഡീഷണൽ | കൊടകര | 8 |
| 4 | കൊടകര അഡീഷണൽ | കൊടകര | 5 |
| 5 | കൊടകര അഡീഷണൽ | പുതുക്കാട് | 78 |
| 6 | ചാലക്കുടി അഡീഷണൽ | മേലൂർ | 111 |
| 7 | ചാലക്കുടി അഡീഷണൽ | മേലൂർ | 113 |
| 8 | ചാലക്കുടി അഡീഷണൽ | മേലൂർ | 9 |

സെക്ഷൻ ഓഫീസർ